പരിഹരിക്കുന്നതിന്റെ ഭാഗമായി ജലസേചനത്തിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഏനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണികൾ ആരംഭിച്ചത് 1979-ലാണ്. കനാലിന്റെ പണികൾ 1991-ൽ പൂർത്തിയായി. ഇലക്ട്രിക്കൽ പണികൾക്കുള്ള ദർഘാസുകൾ അടിയന്തിരമായി പരിഗണിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആ പദ്ധതി ഉടൻ പ്രാവർത്തികമാക്കുന്നതാണ്.

16. വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലം ലഭ്യമാക്കൽ

ശ്രീ. പി. നാരായണൻ : സർ, വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലം കിട്ടുന്നതിനുവേണ്ടി എൽ.ഐ.സിയിൽനിന്നും ഒരു കോടി പത്തുലക്ഷം രൂപ കടമെടുത്ത് വൈക്കം മുനിസിപ്പാലിറ്റി ഒരു സ്കീമിനു രൂപ കൊടുത്തിരുന്നു. വാട്ടർ അതോറിറ്റിയുടെ കോട്ടയം ഡിവിഷന്റെ കീഴിലുള്ള ഈ സ്കീമിൽക്കൂടി വൈക്കത്ത് വെള്ളം കൊടുത്തുകൊണ്ടിരുന്നതാണ്. 1991-ൽ ഈ സ്കീമിന്റെ പ്രവർത്തനം മുഴുവൻ പിറവം മണ്ഡലത്തിലാക്കി എറണാകുളം ഡിവിഷന്റെ കീഴിലാക്കുകയും പണം മുടക്കിയ വൈക്കത്തുകാർക്ക് ശുദ്ധജലം കിട്ടാതെ വരികയും ചെയ്തു. തെറ്റായ ഈ നടപടി പിൻവലിച്ച് ഈ സ്കീമിന്റെ പ്രവർത്തനം വൈക്കം നിയോജകമണ്ഡലത്തിലേക്ക് തിരികെ കൊണ്ടുവരികയും വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, എൽ.ഐ.സി.യുടെ സഹായത്തോടെ നടപ്പിലാക്കിയ വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി 1981-ൽ കമ്മീഷൻ ചെയ്തതാണ്. ഈ പദ്ധതിയുടെ ഹെഡ് വർക്സ് എറണാകുളം ജില്ലയിലെ പിറവം പഞ്ചായത്തിലെ കക്കാട് എന്ന സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത്. ഈ പദ്ധതി കോട്ടയം പബ്ലിക് ഹെൽത്ത് ഡിവിഷന്റെ കീഴിൽ വൈക്കം വാട്ടർ സപ്ലൈ പ്രോജക്ട് സബ് ഡിവിഷൻ മുഖേന നിർമ്മാണം പൂർത്തിയായി കമ്മീഷൻ ചെയ്തതാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ട വൈക്കം, ഉദയനാപുരം, മറവൻതുരുത്ത്, ചെമ്പ്, വെച്ചൂർ, തലയാഴം, ടി.വി.പുരം, തലയോലപ്പറമ്പ് എന്നീ പഞ്ചായത്തുകൾ വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ടതും കടുത്തുരുത്തി, മുളംകുളം എന്നീ പഞ്ചായത്തുകൾ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ടതുമാണ്. ഈ പ്രദേശങ്ങൾ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കോട്ടയം പബ്ലിക് ഹെൽത്ത് ഡിവിഷന്റെ അധികാര പരിധിയിൽപ്പെട്ടതാണ്. പിറവം നിയോജകമണ്ഡലത്തിലെ പിറവം പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിന്റെ ചുമതലയും ഈ പദ്ധതിയുടെ പൂർണ്ണമായ നിയന്ത്രണവും 1991 വരെ കോട്ടയം ഡിവിഷന്റെ കീഴിലായിരുന്നു. ഈ പദ്ധതിയുടെ സ്ഥാപിതശേഷിയായ 9 ദശലക്ഷം ലിറ്റർ വെള്ളത്തിൽ ഏകദേശം 15 ശതമാനം മാത്രമാണ് പിറവം പഞ്ചായത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിച്ചിരുന്നത്. ബാക്കിവരുന്ന 85 ശതമാനം ജലം കോട്ടയം ഡിവിഷന്റെ കീഴിൽവരുന്ന വൈക്കം മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും വിതരണം ചെയ്യാനാണ് പദ്ധതി രൂപകല്പന ചെയ്തിരിന്നത്. എന്നാൽ പിന്നീട് വിതരണശൃംഖല നീട്ടിയതുമൂലം ആവശ്യത്തിന് ജലം തികയാതെ

LIBRARY ARCHIVES Kerala Legislative Assembly

വരികയും ഇതുമൂലം ഈ പദ്ധതിയുടെ ഹെഡ് വർക്സിൽ അകലം കൂടിയ പ്രദേശങ്ങളായ കോട്ടയം പബ്ലിക് ഹെൽത്ത് ഡിവിഷന്റെ അധികാരപരിധിയിൽ വരുന്ന വൈക്കം മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും ജലത്തിന്റെ ലഭ്യതയിൽ കുറവുണ്ടാവുകയും ചെയ്തു. പിറവത്ത് കക്കാടിൽ സ്ഥാപിച്ചിട്ടുള്ള പഴയ 9 ദശലക്ഷം ലിറ്റർ ശേഷിയുള്ള പ്ളാന്റ് 1981-ൽ കമ്മീഷൻ ചെയ്ത അവസരത്തിൽ 15 ശതമാനം ജലം പിറവത്തിന് നൽകിയിരുന്നു. പിറവത്തിനും പരിസരപ്രദേശങ്ങൾക്കും ഒരു പദ്ധതി പിൽക്കാലത്ത് രൂപകല്പന ചെയ്യുകയും അതിന്റെ 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള പ്ളാന്റ് ഈയിടെ ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതോടുകൂടി പിറവത്ത് മുമ്പ് നൽകിയിരുന്ന ശുദ്ധജലത്തിന്റെ കണക്ഷൻ പൂർണ്ണമായും നിറുത്തലാക്കിയിരിക്കുകയാണ്. ഈ പുതിയ പദ്ധതിയുടെ കിണർ പൂർത്തിയാകാൻ ഇനിയും ആറു മാസത്തോളം വേണ്ടിവരും. താൽക്കാലികാടിസ്ഥാനത്തിൽ പഴയകിണറിൽ നിന്ന് പുതിയ പമ്പ്സെറ്റ് വച്ച് വെള്ളം പമ്പ് ചെയ്യുന്ന സംവിധാനമാണ് ഇപ്പോഴുള്ളത്. ഈ പമ്പ് സെറ്റിന് എന്തെങ്കിലും തകരാറുണ്ടാകുന്ന അവസരത്തിൽ പഴയ ഹെഡ് വർക്സിലേക്കുള്ള പമ്പ് സെറ്റുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യേണ്ടിവരുന്നതിനാൽ പഴയ പ്ളാന്റിൽനിന്ന് വൈക്കത്തേക്കുള്ള ജലലഭ്യതയിൽ കുറവ് അനുഭവപ്പെടുന്നുണ്ട്. പുതിയ കിണർ ഉപയോഗിക്കാവുന്ന പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി പഴയ പ്ളാന്റിൽനിന്നുള്ള മുഴുവൻ ജലവും മുടക്കം കൂടാതെ വൈക്കത്തേക്ക് കൊടുക്കാൻ സാധിക്കും. മേൽപ്പറഞ്ഞ സംവിധാനത്തിലൂടെ ജലവിതരണം സുഗമമാകുന്നതിനാൽ ഈ ഡിവിഷന്റെ കൺട്രോളിൽ കൂടുതൽ പരിഷ്കാരങ്ങൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ വെച്ചൂർ, തലയാഴം, ടി.വി.പുരം, ഉദയനാപുരം, ചെമ്പ്, മറവൻതുരുത്ത്, തലയോലപ്പറമ്പ്, കടുത്തുരുത്തി, മുളംകുളം എന്നിവിടങ്ങളിലും നിലവിലുള്ള പദ്ധതികൾ എൽ.ഐ.സിയുടെ സഹായത്തോടെ വിപുലീകരിക്കുന്നതിനായി 1235 ലക്ഷം രൂപയുടെ ഒരു പദ്ധതിക്കും 525.7 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതമായുള്ളതും മേൽപ്പറഞ്ഞ പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ളതുമായ 780.2 ലക്ഷം രൂപയുടെ ഒരു പദ്ധതിക്കും 366.42 ലക്ഷം രൂപയുടെ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കും ഭരണാനുമതി നൽകികഴിഞ്ഞു. ഈ പദ്ധതികൾ 2002 മേയ് മാസത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ വൈക്കം മുനിസിപ്പാലിറ്റിയിൽ പ്രതിദിനം ആളോഹരി 144 ലിറ്റർ ജലവും പഞ്ചായത്തു പ്രദേശങ്ങൾക്ക് പ്രതിദിനം ആളോഹരി 70 ലിറ്റർ ജലവും ലഭിക്കും.

17. പീരുമേട് അഴങ്ങാട് തേയിലത്തോട്ടത്തിലെ ലോക്കൗട്ട്

<u>ശ്രീ. കെ. പ്രകാശ്ബാബു</u> : സർ, പീരുമേട് നിയോജകമണ്ഡലത്തിലെ അഴങ്ങാട് തേയിലത്തോട്ടം കഴിഞ്ഞ കുറേ നാളുകളായി ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. ആ ലോക്കൗട്ട് ഏകപക്ഷീയമായി മാനേജ്മെന്റ് നടത്തിയതാണ്. ആ തോട്ടത്തിലെ തൊഴിലാളികൾ ഇപ്പോൾ പട്ടിണിയിലും ദുരിതത്തിലുമാണ്. ഏകപക്ഷീയമായി തോട്ടം ലോക്കൗട്ട് ചെയ്ത മാനേജ്മെന്റിനെതിരായി കർശന നടപടിയെടുക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. ഡെപ്യൂട്ടി ലേബർ ഓഫീസർ വിളിച്ചുകൂട്ടിയ യോഗങ്ങളിൽ തോട്ടം മാനേജ്മെന്റ് മന:പൂർവ്വം പങ്കെടുക്കുകയുണ്ടായില്ല. അതു

LIBRARY ARCHIVES Kerala Legislative Assembly